**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II ജീവനക്കാർ ഫയൽ ചെയ്ത OA (EKM) 338/2024, 395/2024, 512/2024 & 600/2024 എന്നീ കേസുകളിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവുകൾ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.339/2025/H&FWD തീയതി,തിരുവനന്തപുരം, 06-02-2025

---

പരാമർശം:-

1 2019 ലെ കേരള സഹകരണ ആശുപത്രി കോംപ്ലക്സും മെഡിക്കൽ സയൻസസ് അക്കാദമിയും അനുബന്ധ സ്ഥാപനങ്ങളും (ഏറ്റെടുക്കലും നടത്തിപ്പും) ആക്ട്

2 18/03/2019-ലെ സ.ഉ.(കൈ) നം. 44/2019/ആ.കു.വ.

3 09/10/2020-ലെ സ.ഉ.(കൈ) നം. 132/2020/ആ.കു.വ.

4 18/03/2022-ലെ സ.ഉ.(കൈ) നം. 62/2022/ആ.കു.വ.

5 24/08/2022-ലെ 104/എസ് 1/2022/ആ.കു.വ നമ്പർ കത്ത്

6 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 338/2024 നം കേസിലെ 07-06-2024 ലെ ഉത്തരവ്

7 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 395/2024 OA (EKM) 512/2024 നമ്പർ കേസുകളിലെ 02-04-2024 ലെ ഉത്തരവ്

8 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 600/2024 നം കേസിലെ 11-04-2024 ലെ ഉത്തരവ്

9. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 09/06/2024, 02/07/2024 തീയതികളിലെ എൻസി4/1831/2024/മെ.വി.വ. നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

മുൻ പരിയാരം സഹകരണ മെഡിക്കൽ കോളേജിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതും, നിലവിൽ കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ ജോലി ചെയ്യുന്നതുമായ ശ്രീമതി.ബീന കെ.വർഗീസ് മുതൽ പേരും , ശ്രീമതി.ബിന്ദു പി. ജോസഫ് മുതൽ

പേരും, ശ്രീമതി ഫാൻസി പി.എ മുതൽ പേരും ടിയാളുകൾക്ക് സ്റ്റാൻഡ് എലോൺ ഓപ്ഷൻ സമർപ്പിക്കാൻ അവസരം നല്കാൻ നിർദ്ദേശം നല്കണമെന്ന ആവശ്യത്തിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ യഥാക്രമം ഫയൽ ചെയ്ത OA (EKM) 395/2024 & 512/2024 & 600/2024 നം. വ്യവഹാരങ്ങളിൽ ഹർജ്ജിക്കാരുടെ അപേക്ഷകളിന്മേൽ രണ്ട് മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും, ഇതേ ആവശ്യവുമായി ശ്രീമതി.ടിന്റുമോൾ കെ. ഫിലിപ്പ് മുതൽ പേർ ഫയൽ ചെയ്ത OA 338/2024 നം. കേസിൽ പ്രസ്തുത അപേക്ഷയിന്മേൽ ടിയാളുകളെ നേരിൽ കേട്ട് മൂന്ന് മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്നും ബഹു. ട്രൈബ്യൂണൽ സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

2.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കേസുകളിലെ ഹർജ്ജിക്കാരുടെ പ്രതിനിധികളെ ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി 13.08.2024-ൽ നേരിൽ കേൾക്കുകയുണ്ടായി.

3.സഹകരണ മേഖലയിൽ സൊസൈറ്റികൾക്ക് കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന പരിയാരം മെഡിക്കൽ കോളേജും അനുബന്ധ സ്ഥാപനങ്ങളും പരാമർശം (1) ആക്ട് പ്രകാരം 02/03/2019 തീയതി പ്രാബല്യത്തിൽ പൂർണ്ണമായും സർക്കാർ ഏറ്റെടുത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിയന്ത്രണത്തിൽ കൊണ്ടു വന്നിരുന്നു. ഏറ്റെടുത്ത പരിയാരം മെഡിക്കൽ കോളേജിൽ നിന്നും മുൻ നഴ്സിംഗ് വിഭാഗം ജീവനക്കാരെ ആഗീരണം ചെയ്യുന്നതിന് വേണ്ടി 521 തസ്തികകൾ സൃഷ്ടിച്ച് പരാമർശം (3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തസ്തികകളിലേക്ക് നഴ്സുമാരെ 02/03/2019 തീയതി പ്രാബല്യത്തിൽ അക്കൊമ്മൊഡേറ്റ് ചെയ്ത് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് ഏറ്റെടുത്ത ജീവനക്കാർക്ക് ഓപ്ഷൻ (സ്റ്റാൻഡ് എലോൺ / എൻടി കേഡർ) സമർപ്പിക്കുന്നതിന് അവസരം നൽകിയ 07/10/2021 ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (5) കത്തിലെ നിർദ്ദേശാനുസരണം പ്രസ്തുത ജീവനക്കാർക്ക് സ്റ്റാൻഡ് എലോൺ അല്ലെങ്കിൽ എൻടി കേഡറിൽ ഓപ്ഷൻ സമർപ്പിക്കുവാനുള്ള അവസരവും നൽകിയിരുന്നു. മുൻ പരിയാരം മെഡിക്കൽ കോളേജിൽ ജോലി ചെയ്തിരുന്ന 232 ഗ്രേഡ് I സ്റ്റാഫ് നഴ്സുമാരെ സർക്കാർ സർവീസിലേക്ക് ഏറ്റെടുക്കുന്നതിനായി 232 ഗ്രേഡ് | സ്റ്റാഫ് നഴ്സ് തസ്തികകളാണ് സൃഷ്ടിച്ചിരുന്നത്. എന്നാൽ പ്രസ്തുത ഓപ്ഷൻ സമർപ്പിക്കുന്നതിനുള്ള അവസരം നൽകിയപ്പോൾ, ടി ജീവനക്കാർ സ്വമേധയാ ഗ്രേഡ് II സ്റ്റാഫ് നഴ്സ് എൻടി കേഡർ തസ്തികയിലേക്ക് ജൂനിയർ ടു ജൂനിയർ മോസ്റ്റായി ഓപ്ഷൻ സമർപ്പിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ടി ജീവനക്കാർക്ക് ഗ്രേഡ് II സ്റ്റാഫ് നഴ്സ് തസ്തികയിൽ താൽക്കാലിക നിയമന ഉത്തരവ് നൽകുകയും ചെയ്തിരുന്നു.

4.കണ്ണൂർ സർക്കാർ മെഡിക്കൽ കോളജിലെ ജീവനക്കാരുടെ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 07/10/2021 -ൽ കൂടിയ ഉന്നതതലയോഗം ജീവനക്കാർ സ്റ്റാൻഡ് എലോൺ ഓപ്ഷൻ തീരുമാനിച്ചാലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ജൂനിയർ ടു ജൂനിയർ മോസ്റ്റ് ആയി എൻടി കേഡർ ഓപ്റ്റ് ചെയ്താലും ഈ ജീവനക്കാരുടെ മുൻകാല സർവീസ് പരിഗണിക്കാതെ ഏറ്റെടുക്കൽ തീയതിയായ 02/03/2019 തീയതി പ്രാബല്യത്തിൽ മാത്രമേ ശമ്പളവും മറ്റു ആനുകൂല്യങ്ങളും നൽകേണ്ടതുള്ളൂ എന്ന വ്യക്തമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. ആയതിനാൽ ഇപ്രകാരം ഓപ്ഷൻ മാറി നൽകാൻ അവസരം നൽകിയാലും ടി ജീവനക്കാർക്ക് പഴയ സർവീസ് കൂട്ടിച്ചേർക്കാൻ കഴിയില്ല. കൂടാതെ ഓപ്ഷൻ മാറാൻ അവസരം നൽകുന്നപക്ഷം ഇപ്പോൾ നൽകിയിരിക്കുന്ന നിയമന ഉത്തരവ് റദ്ദ് ചെയ്ത് ഗ്രേഡ് | തസ്തികയിൽ സ്റ്റാന്റ് എലോൺ ആയി നിയമനം നൽകേണ്ടിവരുന്നതും, ആയത്

നിയമനക്രമീകരണം സംബന്ധിച്ച വിഷയങ്ങളെ കൂടുതൽ സങ്കീർണ്ണമാക്കുന്നതുമാണ്. നിലവിൽ ടി ജീവനക്കാർ എല്ലാപേരും സ്റ്റാഫ് നഴ്സ് ഗ്രേഡ് II ആയി നിയമനം നേടിയിട്ടുള്ളതിനാൽ ഗ്രേഡ് II സ്റ്റാഫ് നഴ്സ് തസ്തികയിൽ പെൻ സൃഷ്ടിച്ച് സ്പാർക്ക് മുഖേന ശമ്പളം മാറി നൽകിയിട്ടുണ്ടെന്നും, സ്പാർക്ക് മുഖേന ശമ്പളം മാറുന്നതിനു മുൻപ്, മുൻ പരിയാരം മെഡിക്കൽ കോളേജിൽ ലഭിച്ചുകൊണ്ടിരുന്ന കൂടിയ ശമ്പളം BIMS മുഖേന വാങ്ങി വന്നിരുന്നതിനാൽ നിലവിൽ ടി ജീവനക്കാർക്ക് സ്പാർക്കിൽ, പേ റിവിഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്ത സങ്കീർണ്ണതകൾ നിലനിൽക്കുന്നുണ്ടെന്നും പരാമർശം (9) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (6), (7), (8) ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത കേസുകളിലെ ഹർജ്ജിക്കാരുടെ നിവേദനങ്ങൾ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും, നേരിൽകേട്ട വേളയിൽ ഹർജ്ജിക്കാരുടെ പ്രതിനിധികൾ ഉന്നയിച്ച വാദഗതികളുടെയും, നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. നിലവിലുള്ള നിയമ പ്രകാരം ഒരിക്കൽ നൽകിയ ഓപ്ഷൻ അന്തിമായിരിക്കുന്നതും ഓപ്ഷൻ മാറ്റം അനുവദനീയമല്ലാത്തതുമാണ് . എങ്കിലും ഹർജ്ജിക്കാരുടെ നിവേദനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള വസ്തുതകൾ പരിശോധിച്ചതിൽ ഈ വിഷയത്തിൽ നയപരമായ തീരുമാനം ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നു.ഈ സാഹചര്യത്തിൽ ഹർജിക്കാർ സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണെന്ന് വ്യക്തമാക്കി പ്രസ്തുത നിവേദനങ്ങൾ നിരസിച്ച് ഉത്തരവാകുന്നു .

6. OA (EKM) 395/2024 & OA (EKM) 512/2024, OA (EKM) 600/2024, OA (EKM) 338/2024 എന്നിവയിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച പരാമർശം (6), (7), (8) ഉത്തരവുകൾ അപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ
ബന്ധപ്പെട്ട ഹർജ്ജിക്കാർക്ക് (ഡി എം ഇ മുഖേന)
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/102/2024/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
T Muraleedharan Chettiyar
സെക്ഷൻ ഓഫീസർ
Date: 07-02-2025 10:38:02